പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1152 — 04/12/2014 ൽ മറുപടിയ്ക്ക്

## സ്കൂളുകളിലെ പാഠപുസ്തക വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ :<br>ശ്രീ. വി. ശശി :<br>ശ്രീമതി. ഗീതാ ഗോപി :<br>ശ്രീ. ചിറ്റയം ഗോപകുമാർ : | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ഈ അദ്ധ്യയന വർഷം സ്കൂളുകളിൽ ഒന്നാം ടേമിലേക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ യഥാസമയം വിതരണം ചെയ്യാൻ കഴിയാതെ വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം സ്റ്റാന്റേർഡുകളിലെ എത്ര വിദ്യാർത്ഥികൾക്കാണ് ഒന്നാം ടേമിൽ പാഠപുസ്തകങ്ങൾ വിതരണം ചെയ്യാൻ കഴിയാതെ വന്നതെന്ന് വെളിപ്പെടുത്തുമോ ; ക്ലാസ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (എ) കെ.ബി.പി.എസ്സിന്റെ ഇൻഡന്റ് മാനേജ്മെന്റ് സിസ്റ്റം പ്രയോജനപ്പെടുത്തി ടി വെബ്സൈറ്റിൽ സ്കൂളുകൾക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ സ്കൂൾ സൊസൈറ്റികളിൽ നിന്നും ഇൻഡന്റ് ചെയ്യുകയാണ് പതിവ്. ഓരോ സൊസൈറ്റിയുടേയും കീഴിൽ ഒന്നിൽ കൂടുതൽ സ്കൂളുകൾക്കുള്ള പുസ്തകങ്ങൾ ഇൻഡന്റ് ചെയ്യുന്ന പ്രകാരം കെ.ബി.പി.എസ്സ്. പുസ്തകങ്ങൾ അച്ചടിച്ച് തപാൽ സംവിധാനം മുഖേന എത്തിക്കുന്നു. ഈ വർഷം പല സ്കൂളുകളിൽ നിന്നും കുട്ടികളുടെ എണ്ണത്തേക്കാൾ കൂടുതൽ ഇൻഡന്റ് ചെയ്യുകയും ടൈറ്റിലുകൾ തെറ്റായി ചേർക്കുകയും വഴി ആവശ്യത്തിലധികം പുസ്തകങ്ങൾ ചില സ്കൂളുകൾ കൈപ്പറ്റി. കൂടാതെ തെറ്റായ ഇൻഡന്റ് ചെയ്ത ടൈറ്റിലുകൾ വരെ സ്കൂളുകളിൽ എത്തി. ഇപ്രകാരം വിദ്യാർത്ഥികളുടെ എണ്ണത്തിനും അതിന്റെ 5% അധികവും അനുസരിച്ചുള്ള പുസ്തകങ്ങൾ സ്കൂളുകൾക്ക് മതിയാവാതെ വരുന്ന സ്ഥിതിഗതിയുണ്ടായി. എങ്കിലും കെ.ബി.പി.എസിന് അഡീഷണൽ പ്രിന്റ് ഓർഡർ നൽകി പുസ്തകം അച്ചടിച്ച് യഥാസമയം വിതരണം ചെയ്തിട്ടുണ്ട്. |
| ബി) രണ്ടാം ഘട്ടത്തിലേക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ യഥാസമയം ലഭിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടികളെടുത്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) ഒന്നാംഘട്ട വിതരണത്തിലുണ്ടായതു പോലുള്ള പുസ്തകങ്ങളുടെ ലഭ്യതക്കുറവ് ഇപ്പോൾ ഇല്ല. രണ്ടാം ടേമിലേക്കുള്ള പുസ്തകങ്ങൾ അച്ചടിക്കുന്നതിന് കൂടുതൽ പ്രിന്റ് ഓർഡർ നൽകിയതിനാൽ പരാതികളൊന്നും ലഭിച്ചിട്ടില്ല. എല്ലാ ക്ലാസുകളിലും പുസ്തകങ്ങൾ വിതരണം നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഭാവിയിൽ പാഠ പുസ്തകങ്ങൾ യഥാസമയം ലഭിക്കാത്ത അവസ്ഥ ആവർത്തിക്കാതിരിക്കാൻ എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | (സി) | സ്കൂളുകൾക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ ഇൻഡന്റ് ചെയ്യുന്ന സംവിധാനം ശക്തിപ്പെടുത്തി യഥാസമയം പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി ഐടി@സ്കൂളിൽ നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ